ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ലക്ഷ്യമിട്ട നികുതി പിരിവ് 30.11.2000 വരെയുള്ള കാലയളവിൽ എന്ത് പുരോഗതി നേടിയെന്ന്, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ, സ്റ്റേറ്റ് ലോട്ടറി, മോട്ടോർ വെഹിക്കിൾസ് സെയിൽടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, എക്സൈസ് ഫോറസ്റ്റ്, ലാന്റ് റവന്യൂ എന്നിങ്ങനെ ഓരോ വകുപ്പും തിരിച്ച് അറിയിക്കാമോ;

(ബി) ഈ നികുതി പിരിവ് മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവ് കാണിക്കുന്നുണ്ടെന്ന് താരതമ്യം ചെയ്ത് വിശദമാക്കാമോ;

(സി) വിൽപ്പന നികുതി ഏകീകരണം കൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മൂല്യ വർദ്ധിത നികുതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) ഇത് എന്നത്തേയ്ക്ക് കേരളത്തിൽ പ്രാബല്യത്തിലാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നികുതി ഏകീകരണം കൊണ്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി വരുന്നതേയുള്ളു.

(ഡി)-(എഫ്) ധനകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൽ 2002 ഏപ്രിൽ 1 മുതൽ മൂല്യവർദ്ധിത നികുതി എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കണമെന്ന് തീരുമാനം ഉണ്ടായിട്ടുണ്ട്. ഈ തീരുമാനം കേരളമടക്കം എല്ലാ സംസ്ഥാങ്ങൾക്കും ബാധകമാണ്.

പിരിഞ്ഞു കിട്ടാനുള്ള നികുതി

13 (345) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96 മുതൽ ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിച്ച ടാക്സ് റവന്യൂവും യഥാർത്ഥത്തിൽ പിരിച്ചുകിട്ടിയ ടാക്സ് റവന്യൂവും എത്ര വീതമായിരുന്നു; പ്രതീക്ഷിച്ച ടാക്സ് റവന്യൂവിൽ കുറവ് വരുവാനുള്ള കാരണമെന്താണ്;

(ബി) 1995-96 മുതൽ ഓരോ സാമ്പത്തികവർഷവും പ്രതീക്ഷിച്ച വിൽപന നികുതിയിൽ നിന്നുള്ള വരുമാനവും പിരിഞ്ഞുകിട്ടിയ തുകയും എത്രവീതമായിരുന്നു; പ്രതീക്ഷിച്ചതിൽനിന്നും വിൽപന നികുതിയിൽ നിന്നുള്ള വരുമാനം കുറയാനുള്ള കാരണമെന്ത്;

(സി) 2000-2001-ൽ പ്രതീക്ഷിച്ച ടാക്സ് റവന്യൂ എത്രയായിരുന്നു; ഇതിൽ ഓരോ പാദത്തിലും എന്തു തുക വീതം പിരിച്ചെടുക്കണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത വർഷത്തെ ആദ്യ രണ്ട് പാദങ്ങളിൽ ഓരോന്നിലും മൂന്നാം പാദത്തിൽ ഇതുവരെയും ടാക്സ് റവന്യൂ ഇനത്തിൽ എന്തു

LIBRARY ARCHIVES Kerala Legislative Assembly

തുക വീതം പിരിച്ചു; പ്രസ്തുത വർഷം സെയിൽസ് ടാക്സ് ഇനത്തിൽ എന്തു തുക വീതം പിരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ 2000-2001 ലെ ആദ്യപാദത്തിലും രണ്ടാം പാദത്തിലും എന്തു തുക വീതം പിരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും പ്രസ്തുത പാദത്തിൽ ഓരോന്നിലും എന്തു തുക വീതം പിരിച്ചു;

(ഡി) 2000-2001-ൽ മൂന്നാം പാദത്തിൽ ഒക്ടോബർ നവംബർ മാസങ്ങളിൽ സെയിൽടാക്സ് ഇനത്തിൽ എന്തു തുക വീതം പിരിച്ചു;

(ഇ) 1995-96 മുതൽ ഓരോ വർഷവും നോൺ ടാക്സ് റവന്യൂ ഇനത്തിൽ എന്തു തുക വീതം പിരിയാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്തു തുക വീതം പിരിഞ്ഞുകിട്ടി;

(എഫ്) ഈയിനത്തിലുള്ള റവന്യൂ വരവ് കുറയ്ക്കാനുള്ള കാരണം എന്ത്; 2000-2001-ൽ പ്രതീക്ഷിച്ച നോൺ ടാക്സ് റവന്യൂ എത്രയായിരുന്നു; ഇതുവരെ ഈ ഇനത്തിൽ എന്തു തുക പിരിച്ചെടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2000-2001 മൂന്നാം പാദത്തിൽ ഒക്ടോബർ നവംബർ മാസങ്ങളിൽ സെയിൽടാക്സ് 687.56 കോടി രൂപ പിരിച്ചെടുത്തു.

(ഇ)

വർഷം	ലക്ഷ്യമിട്ട തുക കോടിയിൽ	പിരിഞ്ഞു കിട്ടാനുള്ള തുക
1995-96	372.49	535.49
1996-97	489.40	513.80
1997-98	546.35	552.11
1998-1999	613.76	557.66
1999-2000	771.14	930.71

(എഫ്) വനഭൂമിയിലെ മരം മുറിക്കുന്നത് വിലക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിയന്ത്രണം 1996-97 മുതൽ നിലവിൽ വന്നു. നോൺ ടാക്സ് റവന്യൂ ഇനത്തിൽ ഏറ്റവും വലിയ വരുമാനമാർഗ്ഗമായ ഈ ഇനത്തിൽ സുപ്രീം കോടതിയുടെ നടപടി മൂലം വമ്പിച്ച കുറവ് ഉണ്ടായിട്ടുണ്ട്. ലോട്ടറീസ് തുടങ്ങിയ വരുമാനമേഖലയിലും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പൊതുവായ സാമ്പത്തികമാന്ദ്യം മൂലമാണ് ഇപ്രകാരം കുറവുണ്ടായത്. 2000-2001 സാമ്പത്തികവർഷത്തിൽ 830.81 കോടി രൂപ നോൺ ടാക്സ് ഇനത്തിൽ പ്രതീക്ഷിക്കുന്നു. 30.9.2000 വരെ 246.45 കോടി രൂപ പിരിച്ചെടുത്തു.

ലക്ഷ്യമിട്ട നികുതി പിരിവ്

14 (346) ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 15 (347) കാണുക

DEBT POSITION

OF GOVERNMENT OF KERALA

(Rs. In crores)

	March 1999 (as per statement No.4 of Finance Accounts)	March 2000 (as per jounral entry of Accountant General)	Total
Internal Debt of the State Government	4424.36	739.88	**5164.24**
Loans & Advance from the Central Government	5648.14	826.02	**6474.16**
Small Savings Provident Fund Etc.	5627.78	2909.88	**8537.66**
Total	**15700.28**	**4475.78**	**20176.06**

അനുബന്ധം V

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 28 (360) കാണുക

ജില്ല തിരിച്ചുള്ള കണക്ക് :

		1996-97		1997-1998		1998-1999	
		തന്നാണ്ട് വിലനില വാരത്തിൽ	സ്ഥിരവില നിലവാര ത്തിൽ	തന്നാണ്ട്	സ്ഥിരവില	തന്നാണ്ട്	സ്ഥിരവില
1.	തിരുവനന്തപുരം	13062	9102	15164	9462	17744	9909
2.	കൊല്ലം	13011	8999	15056	9337	17503	9750
3.	പത്തനംതിട്ട	13076	9096	15070	9429	17548	9877
4.	ആലപ്പുഴ	13005	9051	15129	9452	17700	9911
5.	കോട്ടയം	14465	9975	16831	10337	19722	10820
6.	ഇടുക്കി	14557	10098	16629	10365	19091	10776
7.	എറണാകുളം	16324	11199	19066	11671	22459	12237
8.	തൃശ്ശൂർ	13700	9461	15969	9872	18734	10350
9.	പാലക്കാട്	11580	8042	13396	8330	15595	8692
10.	മലപ്പുറം	9500	6535	11036	6763	12889	7055
11.	കോഴിക്കോട്	12980	8893	15100	9217	17663	9611
12.	വയനാട്	14225	9786	16323	10005	18838	10378
13.	കണ്ണൂർ	12741	8757	14816	9071	17325	9462
14.	കാസർഗോഡ്	13620	9387	15810	9733	18445	10168
	സംസ്ഥാനം	13089	9039	15195	9381	17756	9807

LIBRARY ARCHIVES Kerala Legislative Assembly